പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1829 21.01.2014 - ൽ മറുപടിക്ക്

## വാർദ്ധക്യകാല പെൻഷൻ

ചോദ്യം ഉത്തരം

ശ്രീ. മോൻസ് ജോസഫ് ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യകാല പെൻഷൻ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എത്ര രൂപ വാർഷിക വരുമാനമുള്ളവർക്കായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് ; | എ) | 20.07.2013 ലെ സ.ഉ.(എം.എസ്.)നമ്പർ 59/2013/സാനീവ ഉത്തരവു പ്രകാരം വാർദ്ധക്യകാല പെൻഷൻ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പരമാവധി മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | വികലാംഗ പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ; വികലാംഗ പെൻഷൻ ലഭിക്കുന്നതിന് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമുണ്ടോ ; | (ബി) | ഉണ്ട്. 17.03.2010 ലെ സ.ഉ.(എം.എസ്.) നമ്പർ 21/2010/സാക്ഷേവ ഉത്തരവു പ്രകാരം വികലാംഗ പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | വികലാംഗ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വികലാംഗരെ പരിചരിക്കുന്ന ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ യെന്ന് വ്യക്തമാക്കുമോ ; | (സി) | ഇക്കാര്യം പരിഗണിച്ചു വരുന്നു. ശയ്യാവലംബരായവരെ ശുശ്രൂഷിക്കുന്നവർക്കായി 525/ രൂപ പ്രതിമാസം ആശ്വാസകിരണം പദ്ധതി ധന സഹായമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ